(എ)&(ബി) നഗരസഭാ പ്രദേശങ്ങളിലെ മറ്റു മാലിന്യങ്ങൾ സത്വരമായി നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതും സ്ഥലം ഉള്ളിടത്ത് ചവറ് സംസ്ക്കരിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പും കാരണം ഈ പ്രവർത്തനം തൃപ്തികരമായി നടത്തുന്നതിന് പല നഗരസഭകളും ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്.

(സി) എലിപ്പനിപോലെയുള്ള പകർച്ചവ്യാധികൾ ചില പ്രദേശങ്ങളിൽ പടരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

19 (*135) പരമ്പരാഗത വ്യവസായങ്ങൾ

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ മേഖലകളിൽ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കടന്നുകയറിയിട്ടുണ്ടോ;

(സി) എങ്കിൽ അത് എന്തെങ്കിലും പ്രശ്നം സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) പരമ്പരാഗത വ്യവസായ മേഖല പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കയർ, കൈത്തറി, ഈറ്റ, ഓട്, പരമ്പ്, കരകൗശലം, സെറികൾച്ചർ, കശുവണ്ടി എന്നീ വ്യവസായങ്ങളെയാണ് പ്രധാനമായും പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ശാസ്ത്ര സാങ്കേതിക വിദ്യയുടെ കടന്നുകയറ്റം മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്.†

(ഡി) പരമ്പരാഗത വ്യവസായ പരിപോഷണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ കാണാവുന്നതാണ്.†

20 (*136) പുറമ്പോക്ക് ഭൂമി കൈവശക്കാർക്ക് പതിച്ചു നൽകുന്നതിന് നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം.വി. ജയരാജൻ :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly